**ഭരണഭാഷ - മാതൃഭാഷ**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്
ഡയറക്ടറുടെ കാര്യാലയം , തിരുവനന്തപുരം
dtekerala@gmail.com/ 04712561307

സാങ്കേതിക വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ജീവനക്കാര്യം (സി) കണ്ണൂർ ജില്ലയിലെ ധർമ്മടം മണ്ഡലത്തിലെ പിണറായി എജ്യുക്കേഷൻ ഹബ്ബിൽ ആരംഭിക്കുന്ന സർക്കാർ പോളിടെക്നിക്ക് കോളേജിനായി അനുവദിക്കപ്പെട്ട മിനിസ്റ്റീരിയൽ വിഭാഗം തസ്തികകളിലേക്ക് സ്ഥലംമാറ്റവും, കാറ്റഗറി മാറ്റവും അനുവദിച്ച ജീവനക്കാരുടെ സ്ഥല മാറ്റവും കാറ്റഗറി മാറ്റവും റദ്ദ് ചെയ്ത അവരവരുടെ സ്ഥാപനങ്ങളിലേക്ക് പൂർവ സ്ഥിതിയിൽ മാറ്റി കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ജീവനക്കാര്യം (ഡി) വിഭാഗം

ED1/6467/24/ഡിടിഇ തിരുവനന്തപുരം13-01-2025

---

1.19.07.2024 ലെ സ.ഉ (കൈ) നം.443/2024/ഉവിവ നമ്പർ സർക്കാർ ഉത്തരവ.
2.23.07.2024 ലെ കണ്ണൂർ സർക്കാർ പോളിടെക്നിക്ക് കോളേജ് പ്രിൻസിപ്പാളിന്റെ ഇ3/1839/2022 നമ്പർ കത്ത്.
3. 29.07.2024 ലെ ഇതേ ഫയൽ നമ്പർ ഉത്തരവ്.
4.15.10.2024 ലെ കണ്ണൂർ സർക്കാർ പോളിടെക്നിക്ക് കോളേജ് പ്രിൻസിപ്പാളിന്റെ ഇ1/17/2024 നമ്പർ കത്ത്.
5.27.12.2024 ൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ നടന്ന നടന്ന യോഗത്തിന്റെ മിനിറ്റ്സ് .

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ലയിലെ ധർമ്മടം മണ്ഡലത്തിലെ പിണറായി എഡ്യൂക്കേഷൻ ഹബ്ബിൽ 15 വിഭാഗങ്ങളിലായി 30 തസ്തികകൾ സൃഷ്ടിച്ച് പിണറായി സർക്കാർ പോളിടെക്നിക്ക് കോളേജ് ആരംഭിക്കുന്നതിനുള്ള അനുമതി നൽകി വായന (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു..

2025-26 അധ്യയന വർഷം മുതൽ പ്രസ്തുത പിണറായി സർക്കാർ പോളിടെക്നിക്ക് കോളേജ് ആരംഭിക്കുന്നതിനുള്ള നടപടികൾ നടത്തുന്നതിനായി വായന ((1) സർക്കാർ ഉത്തരവ് പ്രകാരം അനുവദിക്കപ്പെട്ട സീനിയർ സൂപ്രണ്ട് അടക്കമുള്ള മിനിസ്റ്റീരിയൽ വിഭാഗം തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ടി കോളേജിന്റെ സ്പെഷ്യൽ ആഫീസറായ കണ്ണൂർ സർക്കാർ പോളിടെക്നിക്ക് കോളേജ് പ്രിൻസിപ്പാൾ വായന (2) പ്രകാരം അപേക്ഷിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഒരു സീനിയർ സൂപ്രണ്ട്, ഒരു ഹെഡ് അക്കൌണ്ടൻറ്, മൂന്നു ക്ലാർക്ക് എന്നീ തസ്തികകളിലേക്ക് ഉദ്യോഗസ്ഥർക്ക് സ്ഥലംമാറ്റവും, സ്ഥാനക്കയറ്റവും അനുവദിച്ച് വായന (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2025 അധ്യയന വർഷം അഡ്മിഷൻ ആരഭിക്കുമെന്ന വ്യക്തതയോടെ ആണ് വായന (2) പ്രകാരം ജീവനക്കാരെ നിയമിച്ചിരിക്കുന്നത്. എന്നാൽ 2026 ൽ മാത്രമേ പോളിടെക് കോളേജിന്റെ നിർമാണം പൂർത്തിയാക്കി കെട്ടിടം കൈമാറ്റം ചെയ്യാൻ സാധിക്കുകയുള്ളൂ എന്നും സ്ഥാപനത്തിന് സ്പാർക്ക്,ഡിഡിഒ കോഡ്,ട്രഷറി അനുവദിക്കൽ എ ജി അംഗീകാരം എന്നിവ ലഭ്യമല്ലാത്തതിനാൽ നിയമിതരായ ജീവനക്കാരുടെ ശമ്പളം നല്കാൻ സാധിക്കുന്നില്ല എന്നും വായന (4) റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

മേൽ റിപ്പോർട്ടിൽ പറഞ്ഞ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2026 ൽ മാത്രമേ പിണറായി സർക്കാർ

പോളിടെക്നിക്ക് കോളേജിന്റെ നിർമാണം പൂർത്തിയായി കെട്ടിടം കൈമാറ്റം ചെയ്യാൻ സാധിക്കുകയുള്ളൂ എന്ന സാഹചര്യത്തിൽ വായന (4)പ്രകാരം ശ്രീപ്രസാദ്, ക്ലാർക്ക് -നെ സർക്കാർ പോളിടെക്നിക്ക് കോളേജ്, പിണറായിൽ നിലനിർത്തി മേൽ സ്ഥാപനത്തിൽ സ്ഥല മാറ്റം മുഖേന ക്ലാർക്ക് തസ്തികകളിൽ നിയമിച്ച ഒരു ജീവനക്കാരനെയും ക്ലാർക്ക് തസ്തികയിലേക്ക് കാറ്റഗറി മാറ്റം അനുവദിച്ച ക്ലാർക്ക് ടൈപ്പിസ്റ്റിനേയും ചുവടെ പറയും പ്രകാരം തിരിച്ച് അവരവരുടെ സ്ഥാപനങ്ങളിലേക്ക് നിയമിച്ചും ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം. | പേര്, ഉദ്യോഗപ്പേര്, സ്ഥാപനം, പെൻ | സ്ഥല മാറ്റം അനുവദിക്കുന്ന സ്ഥാപനം |
|---|---|---|
| 1 | രജനി.ടി<br>ക്ലാർക്ക്<br>സർക്കാർ പോളിടെക്നിക്ക് കോളേജ്, പിണറായി<br>പെൻ - 828634 | സർക്കാർ പോളിടെക്നിക്ക് കോളേജ്,<br>തോട്ടട<br>കണ്ണൂർ<br><br>29.07.2024 ലെ ഇതേ ഫയൽ നമ്പർ ഉത്തരവ് പ്രകാരം ക്ലാർക്ക് തസ്തികയിലേക്ക് നല്കിയിരുന്ന കാറ്റഗറി മാറ്റം റദ്ദ് ചെയ്ത് ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിൽ തിരികെ നിയമിക്കുന്നു) |
| 2 | ജിതിൻ.പി.സി<br>ക്ലാർക്ക്<br>സർക്കാർ പോളിടെക്നിക്ക് കോളേജ്, പിണറായി<br>പെൻ - 803637 | സർക്കാർ പോളിടെക്നിക്ക് കോളേജ്,<br>തോട്ടട.കണ്ണൂർ<br>(സ്ഥലമാറ്റം) |

മേൽ പറഞ്ഞ ജീവനക്കാരുടെ ഒഴിവുകൾ നികത്താതെ പ്രസ്തുത ജീവനക്കാരെ പിണറായി സർക്കാർ പോളിടെക്നിക്ക് കോളേജ് ആരംഭിക്കുന്നതിനുള്ള നടപടികൾക്കായി നിയമിച്ചിരുന്നതിനാൽ ശമ്പളം മറ്റ് അനുകൂല്യങ്ങൾ തുടങ്ങിയ (2024 ആഗസ്റ്റ്, സെപ്റ്റംബർ,ഒക്ടോബർ മാസങ്ങൾ ഉൾപ്പെടെ) ഇപ്പോൾ നിയമിക്കുന്ന അവരവരുടെ സ്ഥാപനങ്ങളിൽ നിന്ന് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.ടി ഉദ്യോഗസ്ഥർ അതതു സ്ഥാപനങ്ങളിലെ സ്ഥാപന മേധാവി മുൻപാകെ ജോലിക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

പിണറായി സർക്കാർ പോളിടെക്നിക്ക് കോളേജിന്റെ നിർമാണ പ്രവർത്തങ്ങൾ അദ്ധ്യയനം ആരംഭിക്കുന്നതിനും എഐസിടിഇഅംഗീകാരത്തിനായി വേണ്ടുന്ന പ്രവർത്തങ്ങൾ ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും സീനിയർ സൂപ്രണ്ട്, ഹെഡ് അക്കൌണ്ടന്റ്. ഒരു ക്ലാർക്ക് എന്നീ തസ്തികകളിൽ വായന (3) പ്രകാരം നിയമിച്ച ജീവനക്കാരുടെ സേവനം അനിവാര്യമായതിനാൽ ടി ജീവനക്കാരെ പിണറായി സർക്കാർ പോളിടെക്നിക്ക് കോളേജിൽ തന്നെ നിലനിർത്തുന്നു.

പിണറായി സർക്കാർ പോളിടെക്നിക്ക് കോളേജിന്റെ നിർമാണം പൂർത്തിയായി അദ്ധ്യയനം ആരംഭിക്കുന്ന മുറയ്ക്ക് ടി സ്ഥാപനത്തിലേക്ക് ക്ലാർക്കുമാരുടെ നിയമനം നടത്തുന്നതാണ്.

SHALIJ P R
DIRECTOR

Signed by
Shalij P R
Date: 13-01-2025 13:26:55

സ്വീകർത്താവ്

1. ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്കും ജീവനക്കാർക്കും
2. സൂപ്രണ്ട്,ജീവനക്കാര്യം (ജി) ഡിടിഇ
3.ഇ-ഓഫീസ് കരുതൽ സഞ്ചയം

പകർപ്പ്

1.സി എ ഡയറക്ടർ
2.സി എ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,ഡിടിഇ